**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5027** **01-11-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി ഏതൊക്കെ വില്ലേജുകൾക്കാണ് അടിയന്തരമായി പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് ; ഇത് സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | അടിയന്തരമായി പുതിയ കെട്ടിടം നിർമ്മിക്കേണ്ട കൊയിലാണ്ടി താലൂക്കിലെ അവിടനല്ലൂർ, കൂരാച്ചുണ്ട് താമരശ്ശേരി താലൂക്കിലെ പനങ്ങാട്, കാന്തലാട് എന്നീ വില്ലേജുകൾ റീ ബിൽഡ് കേരള പദ്ധതിയിലും കൊയിലാണ്ടി താലൂക്കിലെ ഉള്ള്യേരി (സ്മാർട്ട് വില്ലേജ്), താമരശ്ശേരി താലൂക്കിലെ കിനാലൂർ (ആവശ്യാനുസരണം അഡീഷണൽ റൂം & ചുറ്റുമതിൽ നിർമ്മാണം) എന്നീ വില്ലേജുകൾ പ്ലാൻ ഫണ്ട് പദ്ധതിയിലും ഉൾപ്പെടുത്തി ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൊയിലാണ്ടി താലൂക്കിലെ അത്തോളി, താമരശ്ശേരി താലൂക്കിലെ ശിവപുരം എന്നീ വില്ലേജുകൾക്ക് ഭൂമി ലഭ്യമായ സാഹചര്യത്തിൽ വരും വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ബാലുശ്ശേരി വില്ലേജിന് ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിൽ എത്ര വില്ലേജുകൾക്കാണ് പുതിയ കെട്ടിടത്തിനായി ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2018-19 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കായണ്ണ വില്ലേജിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കിനാലൂർ (ആവശ്യാനുസരണം അഡീഷണൽ റൂം & ചുറ്റുമതിൽ നിർമ്മാണം) വില്ലേജ് 2020-21 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും അവിടനല്ലൂർ, കൂരാച്ചുണ്ട്, പനങ്ങാട്, കാന്തലാട് എന്നീ വില്ലേജുകൾ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും ഫണ്ടും ലഭ്യമായിട്ടുള്ളതും ആയതിൽ തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം | (സി) | 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | ബാലുശ്ശേരി മണ്ഡലത്തിലെ എത്ര വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ആക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | | ഉള്ള്യേരി വില്ലേജിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായിട്ടുള്ളതും ആയതിൽ തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ